# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 145      11.06.2012-ൽ മറുപടിക്ക്

ചോദ്യം      ഉത്തരം

ശ്രീ. കെ.സുരേഷ് കുറുപ്പ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## 2011-12 -ലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ

| | | |
|---|---|---|
| (എ) | പുതിയ ഗവൺമെൻറിൻെറ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പുകൾക്കും വേണ്ടി പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതികളും, പരിപാടികളും, സ്കീമുകളും, നിർമ്മാണ പ്രവൃത്തികളും ആ വർഷം തന്നെ പൂർണമായി നടപ്പിലാക്കുക യുണ്ടായോ; | 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ നൂറ്റി എഴുപത്തിയഞ്ചോളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുന്ന തിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി , കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനുവേണ്ടിയുള്ള കാരുണ്യ സഹായ നിധി തുടങ്ങിയവ നടപ്പിലാക്കിയ സുപ്രധാന പദ്ധതികളാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണ്. |
| (ബി) | ഇല്ലെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങളിൽ ആ വർഷം നടപ്പിലാക്കാൻ സാധിക്കാതെ പോയവ ഏതൊക്കെ യായിരുന്നുയെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ; | |
| (സി) | ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ, ഭരണാനുമതി നല്കിയെങ്കിലും യഥാർത്ഥത്തിൽ നടപ്പിൽ വരുത്തിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ? | |

Rejani

സെക്ഷൻ ഓഫീസർ